**പള്ളിക്കൂദാശക്കാലം മൂന്നാം ഞായർ**

# ദേവാലയശുദ്ധീകരണം

യോഹ 2 / 13 – 22

**നവംബർ 14**

Homily by Fr. Sony Manjaly. Fr. Manjaly

can be reached at sonymanjaly@gmail.com

സമ്പന്നനായ ഒരു ചെറുപ്പക്കാരൻ. അദ്ദേഹത്തിന് അതിമനോഹരമായ ഒരു മണിമാളിക ഉണ്ട്. ഏകനായി ജീവിച്ചിരുന്ന ആ യുവാവ് ഒരു ദിവസം ദൈവ പുത്രനായ യേശുവിനെ തന്റെ മണിമന്ദിരത്തിലേയ്ക്ക് ക്ഷണിച്ചു. ക്ഷണം സ്വീകരിച്ചുവന്ന യേശുവിനോട് യുവാവ് പറഞ്ഞു. " എന്റെ ഭവനത്തിൽ ധാരാളം മുറികളുണ്ട്. അവയിൽ ഏറ്റവും നല്ലവയിൽ അങ്ങേയ്ക്ക് താമസിക്കാം. അവിടെ എത്ര കാലം വേണമെങ്കിലും അങ്ങേയ്ക്ക് താമസി ക്കാം." യുവാവിന്റെ ഔദാര്യത്തിന് യേശു നന്ദി പറഞ്ഞ് അത്താഴത്തിനും, സൗഹൃദസംഭാഷണത്തിനു ശേഷം അവർ ഉറങ്ങുവാൻ പോയി. രാത്രി കുറെ ചെന്നപ്പോൾ മണിമാളികയുടെ വാതിൽക്കൽ ആരോ മുട്ടുന്ന ശബ്ദം കേട്ടു. അവിടെ ചെന്ന യുവാവ് ഒരു ചെകുത്താനെയാണ് കണ്ടത്. അത് അകത്തേയ്ക്ക് പ്രവേശിക്കാൻ ശ്രമിക്കുന്നു. യുവാവ് വളരെ പണി പ്പെട്ട് ആ പിശാചിനെ തള്ളി പുറത്താക്കി വാതിലടച്ചു. പിറ്റേദിവസം രാത്രിയും വാതിൽക്കൽ മുട്ടുന്ന ശബ്ദം. അപ്പോൾ ഒരു ഡസനോളം പിശാ ചുക്കൾ കാത്തുനിൽക്കുന്നു. ഏകദ്ദേശം മൂന്നു മണിക്കൂർ നീണ്ടുനിന്ന പോരാട്ടത്തിനുശേഷം പിശാചുക്കളെ യുവാവ് പുറത്താക്കി.

പിറ്റേ ദിവസം യേശുവിനെ കണ്ടപ്പോൾ അയാൾ പറഞ്ഞു. "നാഥാ എനിക്കൊന്നും മനസ്സിലാകുന്നില്ല. കഴിഞ്ഞ രണ്ടു രാത്രികളിൽ പിശാചുക്കൾ

എന്നെ എന്തുമാത്രം കഷ്ടപ്പെടുത്തി! എന്നാൽ, അപ്പോഴൊന്നും , അങ്ങ് എന്റെ സഹായത്തിന് വന്നില്ലല്ലോ. ഞാനാണെങ്കിൽ അങ്ങേയ്ക്ക് എന്റെ ഏറ്റവും നല്ല ബെഡ്റൂം തന്നതല്ലേ''. യേശു നിശ്ശബ്ദനായി അയാളുടെ കണ്ണുകളിലേയ്ക്ക് നോക്കി. അയാൾ തുടർന്നു. " അങ്ങയെ എന്റെ ഭവനത്തിലേയ്ക്ക് ക്ഷണിച്ചപ്പോൾ ഞാൻ വിചാരിച്ചത് അങ്ങ് എന്റെ എല്ലാ കാര്യങ്ങളും നോക്കികൊള്ളും എന്നാണ്. എന്നാൽ അങ്ങനെയല്ല സംഭവിച്ചത്". യേശു അല്പനേരത്തെ മൗനത്തിനുശേഷം തുടർന്നു. "നീ എന്നെ നിന്റെ ഭവനത്തിലേയ്ക്ക് ക്ഷണിച്ചു. എന്നാൽ നീ എന്നെ നിന്റെ ഭവനത്തിന്റെ നാഥനാക്കിയില്ല. നീ എനിക്കായി നിന്റെ ഒരു ബെഡ്റൂം തന്നു. ആ മുറി പിശാചുക്കളുടെ ശല്യത്തിൽ നിന്ന് ഒഴിച്ചുനിറുത്തുവാൻ എനിക്ക് സാധിച്ചു. എന്നാൽ മറ്റുള്ള മുറികൾ നിന്റെ നിയന്ത്രണത്തിലായിരുന്നു. അതുകൊണ്ടാണ് പിശാചുക്കളുടെ ആക്രമണമുണ്ടായപ്പോൾ നിന്നെ സഹായിക്കാൻ എനിക്ക് സാധിക്കാതെ പോയത്''. 'എല്ലാ മുറികളും ദൈവത്തിനെങ്കിൽ' എന്ന ഈ കഥ നമ്മെ പഠിപ്പിക്കുന്ന പാഠം സമ്പൂർണ്ണ സമർപ്പണത്തിന്റേതാണ് .

യേശുവിന്റെ ദേവാലയശുദ്ധീകരണമാണ് നമ്മുടെ വിചിന്തനവിഷയം. യേശുനാഥൻ പറയുന്നു "എന്റെ പിതാവിന്റെ ആലയം നിങ്ങൾ കച്ചവടസ്ഥലമാക്കരുത്" . (യോഹ : 2/16 ). നമുക്കറിയാം ദേവാലയം മിശിഹാരഹസ്യങ്ങളുടെ കേന്ദ്രവും, ദൈവകൃപയുടെ ഉറവിടവുമാണ്. ഈ ദേവാലയം പൂർണ്ണമായും ദൈവാരാധനയ്ക്ക് വിട്ടുകൊടുക്കുമ്പോഴാണ് ദൈവസാന്നിദ്ധ്യം നമുക്ക് അനുഭവവേദ്യമാകുക. ജെറുസലെം ദേവാലയത്തിൽ ഓരോ വിഭാഗക്കാർക്കും പ്രത്യേക സ്ഥലങ്ങളുണ്ടായിരുന്നുവെന്നാണ് പറയുക. വീജാതീയർക്കും രോഗികൾക്കും പ്രാർത്ഥിക്കാൻ അനുവദിച്ചിരുന്ന സ്ഥലത്താണ് കച്ചവടം നടത്തിയിരുന്നത്. ദേവാലയത്തിന്റെ പരിശുദ്ധിക്ക് കളങ്കപ്പെടുത്തുന്ന അനാചാരങ്ങൾക്കെതിരെയും ആന്തരികചൈതന്യം കൈവെടിഞ്ഞ ആഘോ

ഷങ്ങൾക്കെതിരെയും ഉള്ള താക്കീതുകൂടിയാണ് യേശുവിന്റെ വചനങ്ങൾ. ബസിൽ യാത്ര ചെയ്യുമ്പോൾ ഏതെങ്കിലും പള്ളിയോ ക്ഷേത്രമോ പോകുന്ന വഴിയിലുണ്ടെങ്കിൽ അവിടെ ഒന്നു ആചാരം ചെയ്യുന്ന ക്രൈസ്തവരെയും അക്രൈസ്തവരെയും കണ്ടിട്ടുണ്ട്. ദേവാലയത്തിന്റെ പരിശുദ്ധിയെയും ദൈവസാന്നിദ്ധ്യത്തെയും നമ്മെ ഇത് ഓർമ്മിപ്പിക്കുന്നു

ഈ സുവിശേഷ ഭാഗത്ത് രണ്ടു പദങ്ങൾ നാം വ്യക്തമായി മനസ്സിലാക്കേണ്ടതുണ്ട് - ആലയവും കച്ചവടസ്ഥലവും. ആലയം അഥവാ ഭവനം എപ്പോഴും കൊടുത്ത് കൊടുത്ത് നഷ്ടപ്പെടുന്ന സ്നേഹത്തിന്റെ ഇടമാണ്. നിസ്വാർത്ഥമായ സ്നേഹമാണ് നാം അവിടെ കാണുക. എന്നാൽ കച്ചവടസ്ഥലം ലാഭവുമായി ബന്ധപ്പെട്ട ചിന്തകളുയരുന്ന സ്ഥലമാണ്. അന്യായമായും, അമിതമായതുമായ ലാഭക്കണക്കുകൾ വരെ അവിടെയുണ്ടാകാം. സ്വാർത്ഥതയാണ് ഇവിടെ എല്ലാവരെയും നയിക്കുന്നത്. അതിനാലാണ് യേശുനാഥൻ പറയുന്നത് ദേവാലയം എന്നും പരിശുദ്ധമായി പരിരക്ഷിക്കപ്പെടേണ്ടത് നാം ഓരോരത്തരുടെയും പരിശുദ്ധമായ ജീവിതത്തിലൂടെയാണെന്ന്..

ദേവാലയം ശുദ്ധീകരിക്കാൻ അധികാരമുള്ളവൻ യേശു മാത്രമാണ് എന്ന് ഈ സുവിശേഷഭാഗം അടയാളപ്പെടുത്തുന്നു. നമ്മുടെ ദേവാലയം, ഭവനം, ശരീരം ഇവയൊക്കെ ശുദ്ധീകരിക്കപ്പെടണമെങ്കിൽ യേശുവിന് നമ്മെത്തന്നെ പൂർണ്ണമായി പുനപ്രതിഷ്ഠിക്കേണ്ടിയിരിക്കുന്നു. അവിടുത്തെ ആലയത്തെക്കുറിച്ചുള്ള തീക്ഷണത എന്നെ വിഴുങ്ങിക്കളയും (സങ്കീ 9/9). എന്ന വചനം വെളിവാക്കുന്നത് നമുക്കുണ്ടാകേണ്ട മനോഭാവത്തെക്കുറിച്ചാണ്. ദൈവത്തെക്കുറിച്ചും, ദൈവഭവനത്തെക്കുറിച്ചും ഉള്ള തീക്ഷണത കൊണ്ട് എരിയുന്ന വ്യക്തികൾക്ക് മാത്രമേ സ്വന്തം ജീവൻ പോലും തൃണവൽക്കരിച്ച് അധാർമ്മികതയ്ക്കും അനീതിക്കെതിരെയും പോരാടി ദൈവരാജ്യത്തിനുവേണ്ടി നൂറുശതമാനം സമർപ്പിക്കാൻ സാധിക്കുകയുള്ളൂ. ഓരോരുത്തരെയും വിഴുങ്ങാൻ പാകത്തിൽ നോക്കി നില്ക്കുന്ന അപകടങ്ങൾ ഇന്നത്തെക്കാലത്ത്

ഒരുപാടാണ് - ദാമ്പത്യഅവിശ്വസ്തത, ഗർഭഛിദ്രം, സ്ത്രീപീഡനങ്ങൾ, പൊള്ളയായ ആഘോഷങ്ങൾ, അഴിമതിയും അക്രമവും. ഇവിടെയൊക്കെ മുകളിൽ പറഞ്ഞ കഥയിലേതുപോലെ നമ്മെത്തന്നെ പൂർണ്ണമായി ദൈവത്തിന് സമർപ്പിച്ചില്ലെങ്കിൽ നാം പരാജയപ്പെടും അവയ്ക്ക് വശംവദരാകും. “നിങ്ങൾ ഈ ദേവാലയം നശിപ്പിക്കുക, മൂന്നു ദിവസത്തിനകം ഞാൻ അതു പുനരുദ്ധരിക്കും” (യോഹ 2/19) ഈശോ തന്റെ ശരീരമാകുന്ന ദേവാലയത്തെക്കുറിച്ചാണ് ഇവിടെ സൂചിപ്പിക്കുന്നത്. പൗലോസ് ശ്ലീഹായുടെ വാക്കുകൾ ഈ ചിന്തയ്ക്ക് അടിവരയിടുന്നു. “നിങ്ങളിൽ വസിക്കുന്ന ദൈവദത്തമായ പരിശുദ്ധാത്മാവിന്റെ ആലയങ്ങളാണ് നിങ്ങളുടെ ശരീരമെന്ന് നിങ്ങൾക്കറിഞ്ഞുകൂടേ? ” (1 കോറി 6/19). ശരീരത്തെ കച്ചവടമാക്കുന്ന പ്രവണത ഇന്നുണ്ട്.. ഇത്തരം പ്രവണതകളെ തിരിച്ചറിഞ്ഞ് ഒരു ആത്മനവീകരണത്തിലേയ്ക്ക് നമ്മെത്തന്നെ ഒരുക്കാം. നാം കുരിശുവരയ്ക്കുമ്പോൾ നമ്മെ ഓർമ്മപ്പെടുത്തുന്നതും നമ്മുടെ ശരീരം ദൈവത്തിന്റെ ആലയമാണ് എന്നതാണ്.. നമ്മുടെ ജീവിതത്തിലെ ചുരുക്കം ചില മേഖലകളിൽ മാത്രമേ നാം ദൈവത്തിന് പ്രവേശനം അനുവദിക്കുന്നുള്ളൂ. പലപ്പോഴും നമ്മുടെ ജീവിതത്തിന്റെ സുപ്രധാന മേഖലകളിൽ നിന്ന് നാം ദൈവത്തെ അകറ്റി നിർത്തുകയാണ് പതിവ്. രാവിലെ ദൈവത്തെ സ്തുതിച്ച് പ്രാർത്ഥിച്ചതിനു ശേഷം ജോലി സ്ഥലത്തെത്തുമ്പോൾ പലരും തട്ടിപ്പും, വെട്ടിപ്പും, കൊടിയ വഞ്ചനയും, ചതിയും ചെയ്യുന്നു. തന്റെ ഒരു കിടക്കമുറി മാത്രം നല്കി യേശുവിനെ മറ്റു മുറികളിൽ നിന്ന് അകറ്റി നിറുത്തിയ യുവാവ് തന്റെ തെറ്റ് മനസ്സിലാക്കിയ ഉടനെ തന്റെ ഭവനം മുഴുവൻ യേശുവിന് വിട്ടുകൊടുത്തു. പിന്നെ പിശാചുക്കൾ രാത്രിയിൽ വാതിലിൽ മുട്ടിയപ്പോൾ അവരെ ആട്ടിയോടിക്കാൻ പാഞ്ഞെടുത്തത് യേശുവായിരുന്നു. നാം നമ്മുടെ ജീവിതത്തിന്റെ ചില മേഖലകൾ മാത്രം ദൈവത്തിനു സമർപ്പിച്ചാൽ പോരാ. സമസ്തമേഖലകളും - ദേവാലയവും, ഭവനവും, ശരീരവും - എല്ലാം സമ്പൂർണ്ണമായി ദൈവ

ത്തിന് സമർപ്പിക്കുമ്പോൾ തിന്മയിൽ വീഴാതെ കാക്കാൻ യേശുനാഥൻ ചാരത്തുണ്ടാകും.

മദർ തെരേസ താൻ സ്ഥാപിച്ച സന്യാസിനീസഭയിലെ സിസ്റ്റേഴ്സിന് സുകൃത ജപമായി പറഞ്ഞുകൊടുത്ത പ്രാർത്ഥന നമുക്ക് ഉരുവിടാം. “I want, I will, with God’s blessings, Be Holy”. “ദൈവാനുഗ്രഹത്തോടെ വിശുദ്ധനാകാൻ / വിശുദ്ധയാകാൻ എനിക്ക് മനസ്സുണ്ട്, എനിക്ക് ആയിത്തീരുകയും വേണം”. എല്ലാ മുറികളും ദൈവത്തിന് കൊടുത്ത കഥയിലെ യുവാവിനെപ്പോലെ നമുക്കും സമ്പൂർണമായി നല്കാം. നമ്മുടെ ദേവാലയങ്ങളിലും, ഭവനങ്ങളിലും, ശരീരങ്ങളിലും ദൈവികചൈതന്യവും കൃപയും വന്ന് നിറയട്ടെ. അങ്ങനെ വിശുദ്ധിയുടെ പരിമളം എങ്ങും പരക്കട്ടെ.